കേരള സർക്കാർ

നം.62/ഡി.ബി.2/18/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
തിരുവനന്തപുരം, 03.03.2018

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് – യുവ കലാകാരൻമാർ ക്കുള്ള വജ്ര ജൂബിലി ഫെലോഷിപ്പ് - കലാ പരിശീലനത്തിനായി കമ്മ്യൂണിറ്റി കേന്ദ്രങ്ങളിലും വിദ്യാലയങ്ങളിലും നിയോഗിക്കുകയെന്ന പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 17/01/2018 ലെ 3.11 നമ്പർ തീരുമാനം

കേരളത്തിന്റെ തനത് ക്ളാസ്സിക്കൽ കലാരൂപങ്ങളുടെ പരിപോഷണത്തിനും സുകമാര കലകളിൽ നിശ്ചിത യോഗ്യത നേടിയ യുവാക്കളെ പ്രോത്സാഹിപ്പിക്കാനും യുവ മനസ്സുകളിൽ കലാഭിമുഖ്യം ഉണർത്തുവാനും ലക്ഷ്യമിട്ട് സാംസ്കാരിക വകുപ്പ് "യുവ കലാകാരൻമാർക്കുള്ള വജ്ര ജൂബിലി ഫെലോഷിപ്പ്" എന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത യോഗ്യത നേടിയവരോ ഫോക് ലോർ കലാരൂപങ്ങളിൽ പ്രാവീണ്യമുള്ളവരോ ആയ ആയിരം യുവ കലാകാരൻമാർക്ക് പ്രതിമാസം 10,000/- രൂപയുടെ ഫെലോഷിപ്പ് നൽകി അവരെ കലാ പരിശീലനത്തിനായി കമ്മ്യൂണിറ്റി കേന്ദ്രങ്ങളിലും വിദ്യാലയങ്ങളിലും നിയോഗിക്കുക എന്നതാണ് ഈ പദ്ധതി. ഇതിന്റെ ചെലവ് സാംസ്കാരിക വകുപ്പ് വഹിക്കുന്നതാണ്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ സൂചന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ താഴെപ്പറയുന്ന ക്രമീകരണം നടത്തേണ്ടതാണ്.

1. വിദ്യാലയങ്ങളും കമ്മ്യൂണിറ്റി കേന്ദ്രങ്ങളും കേന്ദ്രീകരിച്ച് കലാ പരിശീലനത്തിന്റെ ഏകോപനം ജില്ലാ പഞ്ചായത്തുകൾ നടത്തേണ്ടതാണ്.

2. സർവ്വശിക്ഷാ അഭിയാൻ പദ്ധതിയിൻ കീഴിൽ കലാ പരിശീലനത്തിനായി നീക്കി വച്ചിട്ടുള്ള അദ്ധ്യയന സമയം ഫെലോഷിപ്പ് കലാകാരൻമാർ വഴി ഫലപ്രദമായി വിനിയോഗിക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ആലോചിച്ച് ക്രമീകരണമുണ്ടാക്കുകയും ഇതിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തേണ്ടതുമാണ്.

3. ഫെലോഷിപ്പ് വിഹിതം നൽകുന്നതിനും കലാകാരന്മാരുടെ ആതിഥേയത്വ ചെലവുകൾ വഹിക്കുന്നതിനും നഗരസഭകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും പദ്ധതി വിഹിതത്തിൽ നിന്ന് തുക ചെലവഴിക്കാവുന്നതാണ്.

എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ ,തിരുവനന്തപുരം

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും

ഡയറക്ടർ. സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ

അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം

കരുതൽ ഫയൽ

ഓഫീസ് കോപ്പി

പകർപ്പ്:

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ( റൂറൽ) പി.എ യ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ(അർബൻ) പി.എ യ്ക്ക്

സാംസ്കാരിക വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ